(ഡി) ഒഴിവുകൾ താഴെപ്പറയുന്നു:

എ. ഇ. (ഇല.)	..	292
എസ്. ഇ. (ഇല.)	..	597
എൽ. ഡി. ടൈപ്പിസ്റ്റ്	..	5
ലൈൻമാൻ	..	1676
ഇല. വർക്കർ	..	802
സി. എ./എ. എഫ്. ഒ.	..	53
ഓവർസിയർ (ഇല.)	..	1240
മീറ്റർ റീഡർ	..	1096

നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അത്തരത്തിലുള്ള നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(എഫ്) വ്യവസായ തൊഴിൽ ബന്ധം സുദൃഢമായി നിലനിർത്തുന്നതിന് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ചർച്ചകൾ നടത്താറുണ്ട്.

കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ

10 [5966] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി സർക്കാർ ഭാഗത്ത് നിന്നുണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഇല്ല. കേരളത്തിൽ 400 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടത്തുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് ആണ്. എറണാകുളം ജില്ലയിൽ 400 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

കോഴിക്കോട് ജില്ലയിലെ ഇലക്ട്രിക് സെക്ഷനുകൾ

11 [5967] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly